**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5675** **08-07-2024 - ൽ മറുപടിയ്ക്ക്**

**എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ എന്ന പേരിൽ ബഹിരാകാശ ഉല്പന്ന ഹബ്ബ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; സ്പെയ്സ് പാർക്ക് എന്ന പേരിൽ മുൻപ് പ്രവർത്തിച്ചിരുന്ന സ്ഥാപനമാണോ നിലവിൽ എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ എന്ന പേരിലേക്ക് മാറ്റുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ബഹിരാകാശ മേഖലയും, അനുബന്ധ വൈമാനിക പ്രതിരോധ മേഖലകളുമായി ബന്ധപ്പെട്ട് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് കേരള സ്പേസ് പാർക്ക് (KSPACE) രൂപകൽപ്പന ചെയ്തിട്ടുള്ളത്. പ്രസ്തുത സംരംഭത്തിന്റെ ഭാഗമായാണ് VSSC ക്ക് സമീപം എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ എന്ന പേരിൽ ബഹിരാകാശ ഉൽപ്പന്ന ഹബ്ബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. നിർദ്ധിഷ്ട കേരള സ്പേസ് പാർക്ക് സംരംഭത്തിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ ഘടന എപ്രകാരമായിരിക്കുമെന്നും അതിൽ സംസ്ഥാന സർക്കാരിനുള്ള പങ്കും അധികാരങ്ങളും എന്തെല്ലാമായിരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | കേരള സ്പെയിസ് പാർക്ക് സംരംഭത്തിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ. സംസ്ഥാന സർക്കാരിന്റെ ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്പേയിസ് പാർക്ക് വഴിയാകും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം. |
| (സി) | പ്രസ്തുത സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും സംസ്ഥാനത്ത് നിന്നുമുള്ള എത്രപേർക്ക് ഈ സ്ഥാപനം മുഖേന തൊഴിൽ നൽകുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; | (സി) | ബഹിരാകാശ മേഖലയും, അനുബന്ധ വൈമാനിക പ്രതിരോധ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണ വികസനവും നൂതന ബിസിനസ്സ് അന്തരീക്ഷവും സൃഷ്ടിക്കുക, കൂടുതൽ നിക്ഷേപകരെ കേരളത്തിലെ എയ്റോസ്പേസ് മേഖലയിലേക്ക് ആകർഷിക്കുക എന്നിവയാണ് പദ്ധതിയാണ് ലക്ഷ്യങ്ങൾ. ഈ സ്ഥാപനം വഴി 4500 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിനായി ആകെ എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കരുതുന്നതെന്നും അതിനായി എവിടെയാണ് ഭൂമി കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ഡി) | എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ സ്ഥാപിക്കുന്നതിനായി വേളി/തുമ്പയിൽ VSSC ക്യാമ്പസ്സിനോട് ചേർന്നുള്ള 60 ഏക്കർ ഭൂമി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | ഭൂമി ഏറ്റെടുക്കലിനുള്ള ചെലവ് ഉൾപ്പെടെ പ്രസ്തുത സ്ഥാപനം നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനായി സർക്കാരിന് ആകെ എത്ര ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഇ) | ഏറോസ്പേയ്സ് കൺട്രോൾ സിസ്റ്റംസ് കോംപ്ലക്സ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനായി 790 കോടി ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൽ<br><br>ഭൂമി ഏറ്റെടുക്കൽ - 690 കോടി<br><br>ഭൂമി വികസനം - 20 കോടി<br><br>കെട്ടിട നിർമ്മാണം - 60 കോടി<br><br>ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് - 20 കോടി<br><br>എന്നിങ്ങനെയാണ് ചെലവ് കണക്കാക്കുന്നത്. |
| (എഫ്) | പ്രസ്തുത സ്ഥാപനം എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരണത്തിന് ശേഷം 2 വർഷത്തിനുള്ളിൽ സാമൂഹിക സൗകര്യ കേന്ദ്രവും (CFC), ഗവേഷണ വികസന കേന്ദ്രവും (RDC) പൂർത്തിയാക്കാനാകുമെന്നും, ഏറോസ്പേയ്സ് കൺട്രോൾ സിസ്റ്റംസ് കോംപ്ലെക്സിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം 2030 ജൂണോടുകൂടി സാധ്യമാക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ